"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - ശ്രീമതി.ഗീത. പി (Sister/o. Late സുമ. പി, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്- II, മഞ്ചേരി ഗവൺമെന്റ് ജനറൽ ആശുപത്രി)-യ്ക്ക് ആരോഗ്യ വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.10/2026/H&FWD　തീയതി, തിരുവനന്തപുരം, 09-01-2026

---

പരാമർശം:-

1. സ.ഉ.(പി) നം.45/1991/ഉഭപവ തീയതി 30.12.1991.
2. സ.ഉ.(പി) നം.12/1999/ഉഭപവ തീയതി 24.05.1999.
3. സ.ഉ.(പി) നം.12/2023/ഉഭപവ തീയതി 14.07.2023.
4. ശ്രീമതി ഗീത. പി സമർപ്പിച്ച 19.06.2023 തീയതിയിലെ അപേക്ഷ.
5. കണ്ണൂർ ജില്ലാ കളക്ടറുടെ 21.02.2024 തീയതിയിലെ ഡിസികെഎൻആർ/11262/2023-എ5 നമ്പർ കത്ത്.
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 22.12.2024 തീയതിയിലെ ഡിഎച്ച്എസ്/9474/2024-ഇഎച്ച്4 നമ്പർ കത്ത്.
7. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 17.12.2025 തീയതിയിലെ ഡിഎച്ച്എസ്/9474/2024-ഇഎച്ച്4 നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ മഞ്ചേരി ജനറൽ ആശുപത്രിയിൽ ഹോസ്പിറ്റലിൽ അറ്റൻഡന്റ് ഗ്രേഡ് - II തസ്തികയിൽ സേവനത്തിലിരിക്കെ 08.12.2020-ന് മരണമടഞ്ഞ സുമ പി-യുടെ സഹോദരി ശ്രീമതി.ഗീത പി.-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആരോഗ്യ വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും ശിപാർശ സഹിതം പരാമർശം (6) കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) അപേക്ഷകയ്ക്ക് 55 വയസ്സുണ്ടെന്നും (ജനന തീയതി - 28.03.1969) ടിയാൾ 6-ാം ക്ലാസ് പരീക്ഷ പാസ്സായിട്ടുണ്ടെന്നും അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 42,000/- (നാല്പത്തി രണ്ടായിരം രൂപ മാത്രം) രൂപയാണെന്നും കൂടാതെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം

ശ്രീമതി. ഗീത. പി-യ്ക്ക് നിയമനം നൽകുന്നതിന് പരേതയായ സർക്കാർ ഉദ്യോഗസ്ഥയുടെ ആശ്രിതരെല്ലാം സമ്മതം അറിയിച്ചിട്ടുണ്ടെന്നും പരേതയുടെ ആശ്രിതർക്ക് ആർക്കും തന്നെ ഈ പദ്ധതിയിൻകീഴിൽ നിയമനം ലഭിച്ചിട്ടില്ലെന്നും പരാമർശം (2) സർക്കാർ ഉത്തരവിലെ വ്യവസ്ഥകളെല്ലാം പാലിക്കപ്പെടുന്നതിനാൽ ശ്രീമതി ഗീത. പി-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് നിയമനം നൽകുന്നത് പരിഗണിക്കാവുന്നതാണെന്നും പരാമർശം (5) കത്ത് പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3) നിലവിൽ ആശ്രിത നിയമനത്തിനായി പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ കണ്ണൂർ ജില്ലയിൽ ഒരു ഒഴിവ് ഉണ്ടെന്ന് പരാമർശം (7) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടർ, കണ്ണൂർ ജില്ലാ കളക്ടർ എന്നിവരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീമതി. ഗീത. പി (Sister/o. Late സുമ. പി, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്- II, മഞ്ചേരി ഗവൺമെന്റ് ജനറൽ ആശുപത്രി), പോളയിൽ ഹൗസ്, പന്നേരി, മൊറാഴ പി.ഒ, മൊട്ടമ്മൽ, കണ്ണൂർ -670 331 എന്നയാൾക്ക് പരാമർശം (2) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) സാധുവായ അപേക്ഷാ തീയതിയെ അടിസ്ഥാനമാക്കി (19.06.2023) നിയമനത്തിനായുള്ള അപേക്ഷകയുടെ സീനിയോറിറ്റി കണക്കാക്കേണ്ടതാണ്. വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ് തുടങ്ങിയവ തെളിയിക്കുന്ന രേഖകൾ പരിശോധിച്ചതിനു ശേഷം ശ്രീമതി. ഗീത. പി-യ്ക്ക് ആരോഗ്യ വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്. പരേതയായ സർക്കാർ ജീവനക്കാരിയുടെ സേവന പുസ്തകത്തിലും ജീവനക്കാരി അവസാനമായി ജോലി ചെയ്തിരുന്ന ഓഫീസിലെ ജീവനക്കാര്യം സംബന്ധിച്ച രജിസ്റ്ററിലും ഇതു സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും ഇത് ഓഫീസ് മേധാവി/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അപേക്ഷക ആവശ്യപ്പെട്ടിട്ടുള്ള ജില്ലയിൽ നിയമനം നൽകുവാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ സീനിയോറിറ്റി നഷ്ടപ്പെടാതെ തന്നെ അപേക്ഷക ആവശ്യപ്പെട്ട ജില്ലയിൽ എത്രയും വേഗം സ്ഥലംമാറ്റം അനുവദിക്കേണ്ടതാണ്.

6) അപേക്ഷക സമർപ്പിച്ച വിശദാംശങ്ങൾ തെറ്റാണെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുകയോ, ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചതെന്ന് ബോധ്യമാവുകയോ ചെയ്താൽ ഈ ഉത്തരവ് റദ്ദ് ചെയ്യാനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും. അപേക്ഷക സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്.

7) സേവനപുസ്തകത്തിൽ ജനനത്തീയതിയിൽ തിരുത്തൽ വരുത്തുന്നത് സംബന്ധിച്ച് പരാമർശം (1) സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളെല്ലാം നിയമന ഉത്തരവിൽ കർശനമായും രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ജോയിന്റ് സെക്രട്ടറി

ശ്രീമതി. ഗീത. പി, പോളയിൽ ഹൗസ്, പന്നേരി, മൊറാഴ പി.ഒ, മൊട്ടമ്മൽ, കണ്ണൂർ -670 331 (അസ്സൽ മരണ സർട്ടിഫിക്കറ്റും അനന്തരാവകാശ സർട്ടിഫിക്കറ്റും രജിസ്റ്റേർഡ് തപാലിൽ മടക്കി അയയ്ക്കുന്നു).

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കണ്ണൂർ.

ജില്ലാ മെഡിക്കൽ ഓഫീസർ, മലപ്പുറം.

സൂപ്രണ്ട്, ജനറൽ ആശുപത്രി, മഞ്ചേരി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ശേഖരം /ഓഫീസ് കോപ്പി (F2/390/2024-HEALTH ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
Date: 09-01-2026 16:55:16

സെക്ഷൻ ഓഫീസർ